വൈദ്യുതി ബോർഡിന്റെ കൺസൾട്ടന്റ്

123 (348) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ജോർജ്. ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എൻ.സി. ലാവ്‌ലിൻ എന്ന കനേഡിയൻ കമ്പനിയെ സംസ്ഥാന വൈദ്യുതി ബോർഡിന്റെ കൺസൾട്ടന്റായി നിയമിച്ചത് എന്നാണ് ;

(ബി) പ്രസ്തുത കമ്പനിയെ വൈദ്യുതി ബോർഡിന്റെ കൺസൾട്ടന്റായി നിയമിക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ ;

(സി) ലോവർ പെരിയാർ പദ്ധതിയുടെ കൺസൾട്ടന്റായി നിയമിക്കപ്പെട്ട എസ്.എൻ.സി. ലാവ്‌ലിൻ കമ്പനി, പ്രസ്തുത പദ്ധതിയ്ക്കുള്ള ലോകബാങ്ക് സഹായം നിർത്തിയശേഷവും കൺസൾട്ടന്റായി തുടർന്നുവോ ;

(ഡി) ഇപ്രകാരം കൺസൾട്ടന്റായി തുടരുന്നതിന് ഗവൺമെന്റിന്റേയോ വൈദ്യുതി ബോർഡിന്റേയോ അനുമതി ഉണ്ടായിരുന്നുവോ ;

(ഇ) ലോകബാങ്ക് ശുപാർശപ്രകാരം ഇവർക്ക് നല്കേണ്ടിയിരുന്ന പ്രതിഫലം എത്ര രൂപയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) ലോകബാങ്ക് ശുപാർശ ചെയ്തതിൽ കൂടിയ തുക പ്രസ്തുത കമ്പനിക്ക് പ്രതിഫലമായി നല്കിയിട്ടുണ്ടോ ;

(ജി) എങ്കിൽ അധികം നല്കിയ തുക തിരിച്ച് പിടിക്കുവാൻ നടപടി സ്വീകരിക്കുമോ ; ഇതു സംബന്ധിച്ച് എസ്.എൻ.സി. ലാവലിന്റെ പേരിലുള്ള വിജിലൻസ് കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ ;

(എച്ച്) വിജിലൻസ് കേസ്സ് നിലവിലുള്ള എസ്.എൻ.സി. ലാവലിന് കേസ്സ് നിലവിലിരിക്കെ തന്നെ മറ്റേതെങ്കിലും വർക്ക് കൊടുത്തിട്ടുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ ഏതെല്ലാം വർക്കുകളാണ് ; വിശദീകരിക്കുമോ ?

ഉത്തരം

(എ) വൈദ്യുതി ബോർഡിന്റെ കൺസൾട്ടന്റായി നിയമിച്ചിട്ടില്ല. 2-4-1993-ൽ ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണത്തോട് അനുബന്ധിച്ചുള്ള സാങ്കേതിക ഉപദേശത്തിനായി വൈദ്യുതി ബോർഡ് എസ്.എൻ.സി. ഷവനിഗനുമായി കരാർ ഒപ്പുവെച്ചിട്ടുണ്ട്. കൂടാതെ പന്നിയാർ, പള്ളിവാസൽ, ചെങ്കുളം പദ്ധതികളുടെ നവീകരണവും പുനരുദ്ധാരണവും സംബന്ധിച്ച ജോലികൾക്കുവേണ്ടി 24-2-1996-ലും കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുടെ (1 X 50 മെഗാവാട്ട്) പണിക്കുവേണ്ടി 29-5-1995-ലും വൈദ്യുതി ബോർഡ് എസ്.എൻ.സി. ലാവലിനുമായി കൺസൾട്ടൻസി കരാറിലേർപ്പെട്ടിട്ടുണ്ട്.

(ബി) വൈദ്യുത ബോർഡിന്റെ കൺസൾട്ടന്റായി നിയമിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) 1993 ഏപ്രിൽ രണ്ടിനാണ് എസ്.എൻ.സി. ഷവനിഗനുമായി എഗ്രിമെന്റ് വച്ചത്. ലോവർ പെരിയാർ പദ്ധതിക്കുള്ള ലോകബാങ്ക് സഹായം 31-12-1994-ൽ അവസാനിച്ചെങ്കിലും കൺസൾട്ടൻസിയുടെ സേവനം 1997 ജനുവരിവരെ തുടർന്നു. പ്രോജക്ടിന്റെ വിജയകരമായ പൂർത്തീകരണത്തിന് മുമ്പ് ആവർത്തിച്ചിരുന്ന രീതിയിലുള്ള കൺസൾട്ടൻസി സേവനം തുടരണം എന്നു കണ്ടതിനാൽ ലോകബാങ്ക് സഹായം നിർത്തിവച്ചശേഷവും കൺസൾട്ടൻസി സേവനം തുടരണമെന്ന് ചീഫ് എഞ്ചിനീയറുടെ ശുപാർശപ്രകാരം ബോർഡ് തീരുമാനിക്കുകയുണ്ടായത്. അതിൻപ്രകാരം 1995 ഫെബ്രുവരി ഒന്നിന് ആദ്യത്തെ സപ്ലിമെന്ററി എഗ്രിമെന്റും 1996 മേയ് മാസം 8-ാം തീയതി രണ്ടാമത്തെ സപ്ലിമെന്ററിഎഗ്രിമെന്റും ഒപ്പുവെച്ചു.

(ഇ&എഫ്) ലോകബാങ്ക് പ്രത്യേകിച്ച് തുകകളൊന്നും ശുപാർശ ചെയ്തിരുന്നില്ല. വൈദ്യുതി ബോർഡും എസ്.എൻ.സി. ലാവലിനുമായുള്ള കരാർ പ്രകാരമാണ് തുക തീരുമാനിച്ചത്.

(ജി) എസ്.എൻ.സി. ലാവലിന് ലോവർ പെരിയാർ പദ്ധതിയുടെ കൺസൾട്ടൻസി ഫീസ് നല്കിയതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയ വിജിലൻസ് കേസ്സിന്റെ അന്വേഷണം പൂർത്തിയായി. റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

(എച്ച്&ഐ) എസ്.എൻ.സി. ഷവനിഗൻ കനേഡിയൻ കമ്പനിക്ക് ലോവർ പെരിയാർ പദ്ധതിയുടെ കൺസൾട്ടൻസി ഫീസ് നൽകാൻ ഇടയായത് സംബന്ധിച്ച് ഒരു വിജിലൻസ് കേസ്സ് രിജസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി. പന്നിയാർ, പള്ളിവാസൽ, ചെങ്കുളം, പദ്ധതികളുടെ നവീകരണവും പുനഃരുദ്ധാരണവും സംബന്ധിച്ച ജോലികൾക്കായി 24-2-1996-ലും കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയ്ക്ക് വേണ്ടി 29-5-1995-ലും വൈദ്യുതി ബോർഡ് പ്രസ്തുത കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

വൈദ്യുതി ബോർഡ് അംഗങ്ങൾ

124 (349) ശ്രീ. ഇ. എം. അഗസ്തി :

ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള വൈദ്യുതിവിതരണ ചട്ടങ്ങളനുസരിച്ച് വൈദ്യുതി ബോർഡിൽ എത്ര അംഗങ്ങൾ വരെയാകാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇപ്പോൾ സംസ്ഥാന വൈദ്യുതി ബോർഡിൽ എത്ര അംഗങ്ങളുണ്ട് ; അവർ ആരെല്ലാം ;

(സി) സംസ്ഥാന വൈദ്യുതി ബോർഡ് യോഗങ്ങളിൽ നിയമപ്രകാരം വൈദ്യുതി ബോർഡ് അംഗമല്ലാത്ത ആരെങ്കിലും പങ്കെടുക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വ്യക്തി വൈദ്യുതി ബോർഡ് യോഗങ്ങളിൽ പങ്കെടുക്കുന്നത് നിയമാനുസൃതവും ക്രമാനുസൃതവുമാണോ ; വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly